മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വിമാന ആംബുലൻസ് സർവീസ്

11(*221) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാന ആംബുലൻസ് സർവ്വീസിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത സർവ്വീസ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ&ബി) കേരളത്തിൽ അത്യാസന്ന നിലയിലുള്ള രോഗികൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനം നൽകുവാനും മൃതസഞ്ജീവനി പദ്ധതിയിലൂടെ അവയവമാറ്റ ശസ്ത്രക്രിയകൾ കാര്യക്ഷമമായി നടത്തുവാനുമായി സർക്കാർ നിയന്ത്രണത്തിൽ ഒരു എയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുവാനുള്ള താത്പര്യ പത്രം സർക്കാർ നിർദ്ദേശപ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 13-8-2015-ന് ക്ഷണിച്ചിട്ടുണ്ട്.

(സി) പ്രസ്തുത താത്പര്യപത്രത്തിൽ സർക്കാരിന്റെ പങ്കിനെക്കുറിച്ചുള്ള വിശദ വിവരണം ആവശ്യപ്പെടുകയും തത്ഫലമായി ഏഴ് കമ്പനികൾ താത്പര്യപത്രം സമർപ്പിക്കുകയുമുണ്ടായി. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3289/2015/ആ. ക.വ തീയതി 18-10-2015 പ്രകാരം ഏഴ്(7) അംഗ കമ്മിറ്റിയെ ഈ താത്പര്യപത്രങ്ങൾ വിശദമായി പഠിക്കുവാനും ഈ പദ്ധതി പ്രവർത്തിപ്പിക്കുവാനുമുള്ള സാങ്കേതിക സാമ്പത്തിക മാനദണ്ഡങ്ങൾ നിർണ്ണയിക്കുവാനുമായി നിർദ്ദേശിച്ചു. സർക്കാർ ഉത്തരവ് (കൈ) നമ്പർ 251/2015/H&FWD തീയതി 11-11-2015 പ്രകാരം കേരളത്തിലെ അത്യാസന്ന നിലയിലുള്ള രോഗികളെ ഉയർന്ന നിലവാരമുള്ള ആശുപത്രികളിലേക്ക് നീക്കം ചെയ്യുവാനും അവയവമാറ്റ ശസ്ത്രക്രിയയെ സഹായിക്കുന്നതിനുമായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് ഭരണപരമായി അംഗീകാരം നൽകുകയും ചെയ്തു. ഇതിൻപ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ താത്പര്യപത്രം സമർപ്പിച്ച കമ്പനികളുടെ ഒരു യോഗം 2-12-2015-ൽ കൂടുകയും യോഗത്തിലെ തീരുമാന പ്രകാരം അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ധാരണാപത്രം ഒപ്പിടുന്നതിന് ഒരു യോഗം കൂടുവാനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly